"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിയ്ക്കുന്നതിന് തത്വത്തിൽ അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**316/2025/TAXES** തീയതി,തിരുവനന്തപുരം, **01-04-2025**

---

പരാമർശം:-
1. **23.07.2017**-ലെ സ.ഉ.(കൈ) നം.**18/2017/TD** നമ്പർ സർക്കാർ ഉത്തരവ്
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **04.02.2025** ലെ **SLTY/3931/2022-MOD1** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നിലവിൽ ഉപയോഗിച്ചു വരുന്ന **LOTIS** സോഫ്റ്റ്‌വെയർ **2016** ൽ ലഭ്യമായിരുന്ന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിരിയ്ക്കുന്നതെന്നും ഇതിനായി ഉപയോഗിച്ചിട്ടുള്ള **Language, Framework** എന്നിവയുടെ വേർഷൻ കാലഹരണപ്പെട്ടതാണെന്നും **PHP 8.3** ക്കു മുൻപുള്ള വേർഷനിൽ തയ്യാറാക്കിയിട്ടുള്ള ടി ആപ്ലിക്കേഷന്റെ സുരക്ഷാ മാനദണ്ഡങ്ങളെ മറികടക്കാൻ വേഗത്തിൽ സാധ്യമാണെന്ന് സ്റ്റേറ്റ് ഐ.ടി. മിഷൻ അറിയിച്ചിട്ടുണ്ടെന്നും പരാമർശം **(2)** പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഈ പ്രശ്നങ്ങൾ മറികടക്കുന്നതിനും കാലോചിതമായ പരിഷ്കരണങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ പേപ്പർ രഹിതമാക്കുന്നതിനും കൂടുതൽ വേഗത്തിലുള്ള സേവനങ്ങൾ പൊതുജനങ്ങൾക്കും ഏജന്റുമാർക്കും നല്കുന്നതിനുമായി **Government e-Tender portal** വഴി സർക്കാർ അംഗീകൃത **TSP**-കളിൽ നിന്നും **tender** ക്ഷണിച്ച് പുതിയ സോഫ്റ്റ്‌വെയർ, പോർട്ടൽ, മൊബൈൽ ആപ്പ് എന്നിവ വികസിപ്പിക്കുന്നതിന് അനുമതി നല്കണമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**(2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ സർക്കാർ ഇ-ടെണ്ടർ

പോർട്ടൽ വഴി സർക്കാർ അംഗീകൃത TSP-കളിൽ നിന്നും ടെണ്ടർ ക്ഷണിച്ച് പുതിയ സോഫ്റ്റ്‌വെയർ, പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വികസിപ്പിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് തത്വത്തിൽ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭരണാനുമതിക്കായി പരാമർശം (1) ഉത്തരവിൽ നിഷ്കർഷിക്കുന്നതു പ്രകാരം വകുപ്പുതല കമ്മിറ്റി ചേർന്ന് കമ്മിറ്റിയുടെ മിനിട്ട്സ് സഹിതം വിശദമായ പ്രൊപ്പോസൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ),കേരള,തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരള,തിരുവനന്തപുരം
4. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ /ഓഫീസ് കോപ്പി ( TAXES-H1/43/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 01-04-2025 11:39:12
സെക്ഷൻ ഓഫീസർ